Acad C
44399
11/12/14

**അടിയന്തിരം/സമയപരിധി**

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്

നം: 50840/ജി3/14/പൊ.വി.വ.

തിരുവനന്തപുരം,
തീയതി, 29/9/2014.

പ്രേക്ഷിതൻ

ഗവൺമെൻറ് സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഗാന്ധിജയന്തി ദിനം നഗരകാര്യ വകുപ്പ് പ്ലാസ്റ്റിക്ക് ശേഖരണ ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.

സൂചന : ബഹു. നഗരകാര്യ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി 3.9.2014-ൽ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ച 356/M(UA&WM)/2014 നമ്പർ കുറിപ്പ്.

നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ-2 പ്ലാസ്റ്റിക്ക് ശേഖരണ ദിനമായി ആചരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും സംസ്ഥാനത്തെ 65 നഗരസഭകളിലായുള്ള 1600 വാർഡുകളിലെ വീടുകളിൽ നിന്ന് തുടങ്ങി നഗരങ്ങളിൽ നിന്നുൾപ്പെടെ പ്ലാസ്റ്റിക് ശേഖരിക്കുകയും മൂന്നുഘട്ടങ്ങളിലായി ഒരിടത്ത് എത്തിച്ച് അംഗീകൃത ഏജൻസികൾക്ക് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ സംസ്കരിക്കുന്നതിന് വേണ്ടി കൈമാറുന്ന പരിപാടിയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 2014 ഒക്ടോബർ രണ്ടിന് രാവിലെ 8 മണിയ്ക്ക് തിരുവനന്തപുരത്ത് പ്ലാസ്റ്റിക് ശേഖരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. മറ്റു മന്ത്രിമാർ, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക നേതാക്കൾ തുടങ്ങിയവരെ വിവിധ കേന്ദ്രങ്ങളിൽ പങ്കാളികളാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. താഴെത്തട്ടിൽ നിന്ന് പ്ലാസ്റ്റിക്

ശേഖരിച്ചുതുടങ്ങുന്നതിന്റെ മുന്നോടിയായി നഗരസഭകളിലെ വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതാണ്. ഓരോ വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ വാർഡ് തലത്തിൽ ഒരു സ്ഥലത്തും തുടർന്ന് നഗരസഭാതലത്തിൽ മറ്റൊരു കേന്ദ്രത്തിലും ശേഖരിക്കും. ഇങ്ങനെ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ക്ലീൻ കേരള കമ്പനി ഒരു നിശ്ചിത തുക നൽകുന്നതാണ്. കോളേജ്-സ്കൂൾ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, കുടുംബശ്രീ പ്രവർത്തകർ, അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ, സർക്കാർ ജീവനക്കാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളുടെയും പിന്തുണയും സഹകരണവും ഉറപ്പാക്കിക്കൊണ്ട് ഈ ഉദ്യമം പരമാവധി വിജയപ്രദമാക്കുവാനാണ് നഗരകാര്യ വകുപ്പ് ഉദ്ദേശിക്കുന്നത്.

ഈ സംരംഭത്തിന് സംസ്ഥാനത്തെ 65 നഗരസഭാ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സഹകരണം ആവശ്യമാണ് എന്നും ബഹു. നഗരകാര്യ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി സൂചന കുറിപ്പ് മുഖാന്തിരം അറിയിച്ചിരിക്കുന്നു. ആയതിനാൽ അതതു സ്കൂൾ സ്ഥിതിചെയ്യുന്ന നഗരസഭ വാർഡ് കൗൺസിലർമാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾക്ക് പരിപൂർണ്ണ സഹകരണം നൽകുവാൻ ബന്ധപ്പെട്ട സ്കൂൾ അധികൃതർക്ക് ആവശ്യമായ അടിയന്തിര നിർദ്ദേശം നൽകുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

അംഗീകാരത്തോടെ

Sreedevi
സെക്ഷൻ ഓഫീസർ

Endt. No. Acd C1/44399/14 Dated 1/10/14

For information and further necessary action.

For Joint Director
(Academic)

To,
the Principals of all Higher Sec. Schools